റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ചെല്ലാനം പഞ്ചായത്തിൽ ആയിരം വീടുകൾക്കും കൊച്ചി താലൂക്കിൽ 4131 വീടുകൾക്കും കേടുപാടു സംഭവിച്ചിട്ടുണ്ട്. ചെല്ലാനം പഞ്ചായത്തിൽ വല നഷ്ടപ്പെട്ടത് സംബന്ധിച്ച് 15 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു. കൊച്ചി താലൂക്കിലാകെ 50 ലക്ഷം രൂപയുടെ നഷ്ടമാണ് റവന്യൂ ഡിപ്പാർട്ടുമെന്റ് അസസ് ചെയ്തിരിക്കുന്നത്. ഇപ്പോൾ ഡിസ്ട്രിക്ട് കളക്ടറുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിലവിലുള്ള തുകയിൽനിന്ന് ചെലവ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഫുൾ ബഡ്ജറ്റ് പാസ്സാക്കുമ്പോൾ മുഴുവൻ നഷ്ടപരിഹാരവും കൊടുത്തുതീർക്കുവാൻ കഴിയും.

IV. പരാമർശം

ചോദ്യങ്ങൾക്ക് ഉത്തരം ലഭ്യമാക്കാത്തതു സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ, റൂൾ 38 അനുസരിച്ച് അംഗങ്ങൾ ചോദ്യങ്ങൾക്കുള്ള നോട്ടീസ് പന്ത്രണ്ട് ദിവസം മുൻകൂട്ടി എഴുതിക്കൊടുക്കണം. ബഹുമാനപ്പെട്ട സ്പീക്കർ അത് അനുവദിച്ചാലേ ഇവിടെ നിന്നും മറുപടി കിട്ടൂ. അങ്ങനെ ചോദിച്ചാൽ വ്യക്തമായിട്ട് ഉത്തരം കിട്ടേണ്ടതായിരുന്നു. ജൂൺ മാസം 15-ാം തീയതി കൊടുത്തതിന് ജൂൺ മാസം 28-ാം തീയതി ഉത്തരം കിട്ടേണ്ടതായിരുന്നു. ചോദ്യങ്ങൾക്ക് മറുപടിതരുന്നതിൽ മുഖ്യമന്ത്രി വളരെയധികം താൽപ്പര്യമെടുക്കുന്നുണ്ടെന്ന കാര്യം ഞാൻ അംഗീകരിക്കുന്നു. ഇവിടെ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മിക്കവാറും മറുപടി കിട്ടുന്നത് മുഖ്യമന്ത്രിയുടെ വകുപ്പിൽനിന്നുമാത്രമാണ്. മുഖ്യമന്ത്രിയുടെ വകുപ്പിൽനിന്നും 28-ാം തീയതി ഉത്തരം കിട്ടേണ്ട രണ്ട് ചോദ്യങ്ങൾക്ക് ഇതുവരെ ഉത്തരം കിട്ടിയില്ല. 104-ഉം 109-ഉം ചോദ്യങ്ങൾക്കാണ് ഉത്തരം കിട്ടേണ്ടത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ മാസം 15-ാം തീയതിവരെ സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്ന രണ്ട് സമാന ഗതിയിലുള്ള ചോദ്യങ്ങൾക്ക് ഉത്തരം കിട്ടിയില്ല. സാധാരണ 'വിവരം ശേഖരിച്ചുവരുന്നു' എന്ന് ഉത്തരംകിട്ടും. അത്തരത്തിലുള്ള ഒരു ഉത്തരംപോലും ഈ രണ്ട് ചോദ്യങ്ങൾക്കും കിട്ടിയില്ല. മുഖ്യമന്ത്രിയുടെ വകുപ്പിൽ ഇങ്ങനെ നടക്കാത്തതാണ്. ഇന്നലെ പറഞ്ഞതും ഇതും തമ്മിൽ എന്താണ് വസ്തുത എന്നതു പരിശോധിക്കണം. ഉത്തരം കിട്ടാത്ത കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരുകയാണ് എന്റെ ഉദ്ദേശ്യം. അങ്ങ് ഈ കാര്യം പ്രത്യേകം ശ്രദ്ധിച്ച് ഞങ്ങൾക്ക് ഉത്തരം ലഭ്യമാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹം ശ്രദ്ധിക്കും.

V. റിപ്പോർട്ട് സമർപ്പണം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly